"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

KSHB Building ശാന്തി നഗർ, തിരുവനന്തപുരം-1,

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം**
(നിലവിൽ:കെ.ബിജു, ഐ.എ.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- അഫിലിയേഷൻ സെക്ഷൻ - എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കളിലും ITI Logo സ്ഥാപിയ്ക്കുന്നത് - എല്ലാ സർക്കാർ ഐ.ടി.ഐ.കൾക്കും തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1) ഡി.ജി.റ്റി യുടെ 21.7.2016 തീയതിയിലെ MSDE(DGT)-07/14/16-CD നമ്പർ കത്തിന്മേലുള്ള 1.10.2016-ലെ സി3/21781/16(1) നമ്പരായ എൻഡോഴ്സ്മെന്റ് കത്ത്.

2) ഡി.ജി.റ്റി.യുടെ 23.8.2016 തീയതിയിലെ MSDE(DGT)-07/14/2016-CD നമ്പർ കത്തിന്മേലുള്ള 1.10.2016 ലെ സി3/21781/16(2) നമ്പരായ എൻഡോഴ്സ്മെന്റ് കത്ത്.

------------

**ഉത്തരവ് നമ്പർ സി3/21781/16 തീയതി: 10.11.2016**

എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ കളിലും ഡി.ജി.റ്റി നിർദ്ദേശിച്ചിട്ടുള്ള Dimension പ്രകാരമുള്ള ഐ.ടി.ഐ ലോഗോ പ്രദർശിപ്പിയ്ക്കേണ്ടതാണെന്ന പരാമർശപ്രകാരമുള്ള നിർദ്ദേശം വകുപ്പ് വെബ്സൈറ്റ് മുഖേന എല്ലാ സ്ഥാപനമേധാവികളേയും അറിയിച്ചിരുന്നു. ആയതിനാൽ എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും അവരവരുടെ സ്ഥാപനങ്ങളിൽ ഐ.ടി.ഐ ലോഗോ സ്ഥാപിയ്ക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതും, ലോഗോ സ്ഥാപിച്ചതിന് ശേഷം ആയതിന്റെ ഫോട്ടോ സഹിതമുള്ള റിപ്പോർട്ട് ബന്ധപ്പെട്ട ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

ലോഗോ സ്ഥാപിയ്ക്കുന്നതിനായി ഡി.ജി.റ്റി ലഭ്യമാക്കിയിട്ടുള്ള സ്പെസിഫിക്കേഷനിൽ (ഡ്രോയിംഗ് റേഷ്യോയിൽ) മാറ്റം വരുത്താതെ, മെറ്റൽ ബോക്സ് ഫ്രെയിമിൽ ജി.ഐ ഷീറ്റ് വച്ച്, അതിൽ വെള്ള നിറത്തിലുള്ള സ്റ്റിക്കർ പതിപ്പിച്ച ശേഷം ലോഗോ ഒട്ടിച്ച് ചേർക്കേണ്ടതാണ്. ആയതിലേയ്ക്ക് ഒരു സ്ക്വയർ ഫീറ്റിന് 250/- രൂപയിൽ കവിയാത്ത നിരക്കിൽ നിലവിലെ എസ്.പി.മാന്വൽ വ്യവസ്ഥകൾക്ക് വിധേയമായി ഐ.ടി.ഐ ലോഗോ സ്ഥാപിയ്ക്കുന്നതിന് എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും 3500/- രൂപാ (മൂവായിരത്തി അഞ്ഞൂറ്

രൂപ) നിരക്കിൽ ആകെ 2,87,000/- രൂപ (രണ്ട് ലക്ഷത്തി എൺപത്തിയേഴായിരം രൂപ) യുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ടി ചെലവ് 2230-03-101-87-മോഡണൈസേഷൻ ഓഫ് ഐ.ടി.ഐ-34(ഒ.സി)-3(അദർ ഐറ്റംസ്)-പ്ലാൻ-2016-17 എന്ന ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും. (വകുപ്പ് വെബ്സൈറ്റ് മുഖേന)

പകർപ്പ്:
1. സി.എ ടു ഡി.റ്റി
2. സി.എ ടു എ.ഡി.റ്റി
3. സി.എ ടു ജെ.ഡി.റ്റി
4. ഡി.ഡി.(ട്രെയിനിംഗ്)
5. ഡി.ഡി (പ്ലാനിംഗ്)
6. ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ
7. എല്ലാ ഐ.ടി മാർക്കും

   ഓരോ ഐ.ടി.മാരും തങ്ങളുടെ അധികാര പരിധിയിലുള്ള സർക്കാർ/ സ്വകാര്യ ഐ.ടി.ഐ.കളിൽ നിന്നും ലോഗോ സ്ഥാപിച്ചതു സംബന്ധിച്ച റിപ്പോർട്ട് വാങ്ങി ആയവയുടെ ക്രോഡീകരിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ 20.12.2016 നകം ലഭ്യമാക്കേണ്ടതാണ്.

// ഉത്തരവിൻ പ്രകാരം //

അഡീഷണൽ ഡയറക്ടർ

R/10/11/16